പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2035 17.03.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിൽ കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ 2012 ൽ നിലവിൽ വന്ന കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത നിയമനത്തിനു ശേഷം എത്ര എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടായി എന്നും ഇതിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) | 2012-ൽ നിലവിൽ വന്ന കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും 21.11.2013-ൽ പി.എസ്.സി കൈമാറിയ 9300 പേരുടെ അഡ്വൈസ് ലിസ്റ്റിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട 3808 ഒഴിവുകളിലേക്ക് നിയമന ഉത്തരവ് സമയബന്ധിതമായി നൽകി. ഇതിൽ ഉണ്ടായ 1420 NJD ഒഴിവുകളും 2014-ലെ പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ 1554 ഒഴിവുകളിലേക്ക് 26.11.2014-ൽ നിയമന ഉത്തരവ് നൽകിയിരുന്നു. രണ്ടാംഘട്ട നിയമനത്തിൽ ഉണ്ടായ 750 NJDയും പുതിയതായി നിയമനം നേടിയവരിൽ രാജിവച്ച് പോയവരുടേയും ഒഴിവുകൾ ചേർത്ത് 1000 പേരുടെ ഒഴിവുകളിൽ കൂടി ടി ലിസ്റ്റിൽ നിന്നും നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. |
| (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി യിൽ കണ്ടക്ടർ തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിന്മേൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ കണ്ടക്ടർ തസ്തികയിലുള്ള ഒഴിവുകളൊന്നും പുതുതായി റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുള്ള 9300 പേർക്കും നിയമന ഉത്തരവ് നൽകിയ ശേഷം പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ